**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2661** **22-01-2021 - ൽ മറുപടിയ്ക്ക്**

**ചേലക്കര മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ പുതിയ ക്യാമ്പസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ യു. ആർ. പ്രദീപ് | | **Shri A. K. Balan**<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | ചേലക്കര നിയോജക മണ്ഡലത്തിലെ തിരുവില്ലാമല മലാറയിൽ നിർമ്മാണം പൂർത്തീകരണഘട്ടത്തിൽ എത്തിയ ചേലക്കര മോഡൽ റസിഡൻഷ്യൽ സ്കൂൾ കെട്ടിടം എന്നത്തേക്ക് പ്രവൃത്തി പൂർത്തീകരിച്ച് നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വടക്കാഞ്ചേരിയിൽ നിന്നും തിരുവില്ലാമല മലാറ ക്യാമ്പസിലേക്ക് മാറ്റി പ്രവർത്തിപ്പിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ; | (എ) | വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന ചേലക്കര മോഡൽ റസിഡൻഷ്യൽ സ്കൂളിന് വേണ്ടി തിരുവില്വാമലയിൽ നിർമ്മിക്കുന്ന കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തികൾ അന്തിമഘട്ടത്തിലാണ്. അടുത്ത അധ്യയനവർഷം സ്കൂൾ തിരുവില്വാമലയിലെ പുതിയ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ഇനി എന്തെല്ലാം പ്രവൃത്തികളാണ് അവിടെ പൂർത്തീകരിക്കുവാനുള്ളതെന്നും ആയത് എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നും അറിയിക്കുമോ; വിശദാംശം വ്യക്തമാക്കുമോ? | (ബി) | ഗ്രൗണ്ട് നിർമാണം, കോൺഫറൻസ് ഹാൾ നിർമ്മാണം, മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ തുടങ്ങിയ പ്രവർത്തികൾ അവശേഷിക്കുന്നുണ്ട്. കെട്ടിട നമ്പർ ലഭിക്കുന്നതിനായി കെട്ടിടത്തിൽ അഗ്നി സുരക്ഷാ സംവിധാനം സ്ഥാപിച്ച് ഫയർ & സേഫ്റ്റി വകുപ്പിൽ നിന്നുള്ള അന്തിമ നിരാക്ഷേപ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വൈദ്യുതി കണക്ഷനായി കെ.എസ്.ഇ.ബി. യിൽ അപേക്ഷ നൽകിയിട്ടുണ്ട്. ലൈൻ എക്സ്റ്റൻഷൻ, ട്രാൻസ്ഫോമർ സ്ഥാപിക്കൽ എന്നീ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പുതിയ ക്യാമ്പസിൽ ഗ്രൗണ്ട് നിർമാണം, കോൺഫറൻസ് ഹാൾ നിർമ്മാണം, മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ എന്നീ പ്രവർത്തികൾ നിർവ്വഹിക്കുന്നതിനുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചുവരുന്നു. പ്രസ്തുത നിർമാണ പ്രവൃത്തികൾ പൂർത്തീകരിച്ച് 2021-22 അദ്ധ്യയന വർഷം ചേലക്കര മോഡൽ റസിഡൻഷ്യൽ സ്കൂൾ തിരുവില്വാമലയിൽ നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ